ഉത്തരം

(എ) ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 2014-15 വർഷത്തെ സ്റ്റാഫ് ഫിക്സേഷൻ നടപടികൾ പൂർണ്ണമായും പൂർത്തിയായാൽ മാത്രമേ കൃത്യമായ കണക്ക് ലഭ്യമാകുകയുള്ളൂ. ഹൈക്കോടതിയിൽ നിന്നും സ്റ്റേ ഉത്തരവുവാങ്ങിയ സ്കൂളിലെ ഫിക്സേഷൻ പൂർത്തീകരിച്ചിട്ടില്ല.

(സി) പരിശോധന നടത്തിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ ഓഫീസിലെ സൂപ്പർചെക്ക് സെല്ലും കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന സൂപ്പർചെക്ക് സെല്ലും കൂടി 93 സ്കൂളുകളിൽ പരിശോധന നടത്തിയിരുന്നു. അവയിൽ പ്രഥമദൃഷ്ട്യാ ക്രമക്കേട് കണ്ടെത്തിയ 2 സ്കൂളുകൾക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) സൂപ്പർ ചെക്ക് പരിശോധനയിൽ വ്യാജ അഡ്മിഷൻ നടത്തിയതുമായി ബന്ധപ്പെട്ട് ക്രമക്കേട് കണ്ടെത്തിയ രണ്ട് സ്കൂളുകളായ കട്ടച്ചൽകുഴി എസ്.എൻ.യു.പി.എസ്, എം.സി.എച്ച്.എസ്. കോട്ടുകാൽകോണം എന്നിവിടങ്ങളിലെ പ്രഥമാദ്ധ്യാപകരെയും മറ്റ് അദ്ധ്യാപകരെയും ഉൾപ്പെടെ ആകെ 52 പേരെ സസ്പെന്റ് ചെയ്തിട്ടുണ്ട്.

(ഇ) ഡി.പി.ഐ. മുഖാന്തരം നടപടി സ്വീകരിച്ചുവരുന്നു.

സർക്കാർ, എയ്ഡഡ് മേഖലയിൽ സ്കൂളുകൾ

84 (2994) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ അദ്ധ്യയന വർഷം സംസ്ഥാനത്ത് സർക്കാർ, എയ്ഡഡ് മേഖലയിൽ എത്ര സ്കൂളുകൾ അടച്ചുപൂട്ടിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) സ്കൂളുകൾ അടച്ചുപൂട്ടുന്നതിനുണ്ടായ കാരണങ്ങൾ വിശദമാക്കാമോ ; ഇതിന് എന്തെങ്കിലും മാനദണ്ഡം നിശ്ചയിച്ചിരുന്നോ ;

(സി) കഴിഞ്ഞ അദ്ധ്യയന വർഷം സംസ്ഥാനത്ത് സർക്കാർ മേഖലയിൽ ഹൈസ്കൂൾതലംവരെ എത്ര വിദ്യാലയങ്ങൾ പ്രവർത്തിച്ചിരുന്നു ; നിലവിൽ എത്ര സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ഈ അദ്ധ്യയന വർഷം സ്കൂളുകൾ അടച്ചുപൂട്ടിയിട്ടില്ല.

*ലൈബ്രറിയിൽവെച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കഴിഞ്ഞ അദ്ധ്യയന വർഷം (2013-14) 4619 സ്കൂളുകൾ പ്രവർത്തിച്ചിരുന്നു. 2014-15 വർഷവും 4619 സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്.

വൊക്കേഷണൽ ഹയർസെക്കന്ററി പാഠ്യപദ്ധതി പരിഷ്കരണം

85 (2995) ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. കെ. രാജു :
ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൊക്കേഷണൽ ഹയർസെക്കന്ററി പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട് സർക്കാർ നിയോഗിച്ച വിദഗ്ധ സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; പ്രസ്തുത റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തെല്ലാം ;

(ബി) വി.എച്ച്.എസ്.ഇ. കോഴ്സുകൾ സെമസ്റ്റർ രീതിയിലേക്ക് മാറ്റുന്നതിന് ശിപാർശയുണ്ടോ ;

(സി) തൊഴിലധിഷ്ഠിത കോഴ്സുകളിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) വൊക്കേഷണൽ ഹയർസെക്കന്ററി പാഠ്യപദ്ധതി പരിഷ്കരണത്തിനായി സർക്കാർ നിയോഗിച്ച വിദഗ്ധ സമിതിയുടെ റിപ്പോർട്ട് ഇതുവരെയും ലഭ്യമായിട്ടില്ല.

(ബി) ഇത് സംബന്ധിച്ച ശിപാർശകളൊന്നും ലഭ്യമായിട്ടില്ല.

(സി) വൊക്കേഷണൽ ഹയർസെക്കന്ററി പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിനോടൊപ്പം അദ്ധ്യയന നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പരിശീലന പരിപാടികൾ, ലാബ് നവീകരണം, കുട്ടികൾക്ക് വ്യക്തിത്വ വികസനം, കരിയർ ഗൈഡൻസ്, ഒ.ജെ.റ്റി. കെട്ടിട നിർമ്മാണമടക്കമുള്ള ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ, പാഠ്യപദ്ധതി പരിഷ്കരണത്തെ തുടർന്നുള്ള പാഠപുസ്തക നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly